**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1016** **30-06-2022 - ൽ മറുപടിയ്ക്ക്**

**വിളവൂർക്കൽ വില്ലേജിലെ ട്രാക്ടർ വേ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വിളവൂർക്കൽ വില്ലേജിൽ മലയിൻകീഴ് പാപ്പനംകോട് റോഡ് മുതൽ വെള്ളയ്ക്കോണം പൊതു ജലസേചന കുളം വരെ ട്രാക്ടർ വേ നിർമ്മിക്കുന്ന പദ്ധതിയുടെ (W1/N3280/2014 തീയതി 25.7.14)നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | വിളവൂർക്കൽ പഞ്ചായത്തിന്റെ 28/01/2011-ലെ തീരുമാനത്തിന്റെയും അന്നത്തെ എം.എൽ.എ ശ്രീ.എൻ.ശക്തൻ അവർകളുടെ അഭ്യർത്ഥനയുടെയും അടിസ്ഥാനത്തിൽ “Project Maintenance — Construction of leading canal in Vellaikari ela between Vellaikonam kulam to Choozhattukotta road culvert in Ward No.13 of Vilavoorkkal Panchayath” പ്രവൃത്തിക്ക് ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. ലീഡിംഗ് ചാനൽ 190 മീറ്റർ വൃത്തിയാക്കി 200 മീറ്റർ സൈഡ് പ്രൊട്ടക്ഷൻ നൽകി സുഗമമായി tractor സഞ്ചരിക്കുന്നതിന് 13 മീറ്റർ നീളത്തിൽ ramp ഉൾപ്പെടെ 12.20 ലക്ഷം രൂപ അടങ്കൽ തുക വരുന്നതായിരുന്നു എസ്റ്റിമേറ്റ്. ടി പ്രവൃത്തി 27/08/2013 ൽ പണിപൂർത്തീകരിക്കുകയും ചെയ്തു. എന്നാൽ 300 മീറ്റർ നീളം വരുന്ന tractor way യുടെ ബാക്കി ഭാഗം കോൺക്രീറ്റ് ചെയ്ത് ബല പ്പെടുത്തണമെന്നും tractor കൾക്ക് റോഡിൽ നിന്ന് വയലിലേക്ക് ഇറങ്ങുന്നതിന് ramp കൾ പണിയണമെന്നും ആവശ്യപ്പെട്ട് കൊണ്ട് വെള്ളയ്ക്കോണത്തെ കർഷകരും പഞ്ചായത്തും 10/09/2014 ൽ അപേക്ഷ സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ രണ്ട് rampകളും 50 മീറ്റർ ലീഡിംഗ്ചാനലും ഉൾപ്പെടെ “PM- Improving Irrigation facilities of Vellaikari ela in Vilavoorkkal Panchayath” എന്ന പ്രവൃത്തിയ്ക്ക് 24/02/2015 ൽ 6 ലക്ഷം രൂപയുടെ ഭരണാനുമതി നല്കുകയും 29/02/2016 ൽ പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ബാക്കി വരുന്ന ഭാഗത്ത് റോഡിന് വീതി കുറവാണ്. റോഡ് വീതി കൂട്ടണമെങ്കിൽ താമസക്കാർ ഭൂമി വിട്ടു നൽകണം. അങ്ങനെ രേഖാമൂലം ഭൂമി വിട്ടു കിട്ടുകയാണെങ്കിൽ ബാക്കി ഭാഗത്തേക്കുള്ള |

| | | | |
|---|---|---|---|
| | | | ആവശ്യമായ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണം പാതിവഴിയിൽ നിർത്തിവെച്ച ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടി അറിയിക്കാമോ; പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | എസ്റ്റിമേറ്റ് എടുത്ത് ആരംഭിച്ച പ്രവൃത്തികൾ ഒന്നും തന്നെ പാതി വഴിയിൽ ഉപേക്ഷിച്ചതായി രേഖകളിൽ കാണുന്നില്ല. |

സെക്ഷൻ ഓഫീസർ